# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4216    03.02.2014-ൽ മറുപടിക്ക്

## കിളിമാനൂർ, പഴയകുന്നുമ്മേൽ, വടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതി

**ചോദ്യം**

ശ്രീ. ബി.സത്യൻ

കിളിമാനൂർ, പഴയകുന്നുമ്മേൽ, വടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെ പൈപ്പിടുന്നതിന് കെ.എസ്.ടി.പി തടസ്സമായി നിൽക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

കിളിമാനൂർ, പഴയകുന്നുമ്മേൽ, വടവൂർ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി എം.സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെയുള്ള ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള റോഡ് കട്ടിംഗ് അനുമതി ലഭിക്കുന്നതിനു വേണ്ടി 06.09.2013 ൽ കെ.എസ്.ടി.പി.യും വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തുകയും, കെ.എസ്.ടി.പി ഉദ്യോഗ - സ്ഥരുടെ നിർ ദ്ദേശാനുസരണം പുതുക്കിയ റൂട്ട് പ്ലാൻ സമർപ്പിക്കുകയും ചെയ്തു. അതനുസരിച്ച് 4690 മീറ്റർ berm കട്ടിങ്ങും 4610 മീറ്റർ ടാർ കട്ടിങ്ങും രണ്ട് ക്രോസ്സിങ്ങും ആണ് അനുമതി ക്കായി സമർപ്പിച്ചിരുന്നത്. കെ.എസ്.ടി.പി. യുടെ ഭാഗത്തുനിന്നും തുടർ നടപടി കളൊന്നും ഉണ്ടാകാത്തതിനാൽ, വാട്ടർ അതോറിറ്റി പദ്ധതി പ്രദേശത്തെ എം.എൽ.എ.മാരുടെ ശ്രദ്ധയിൽ പ്പെടുത്തുകയും, ആയതിന്റെ അടിസ്ഥാന ത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രി 23.01.2014 ൽ വർക്കല,

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ എം.എൽ.എ മാരുടെ സാന്നിധ്യത്തിൽ കെ.എസ്.ടി.പിയിലേയും കേരള വാട്ടർ അതോറിറ്റിയിലേയും ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുകൂട്ടി. പ്രസ്തുത യോഗ തീരുമാനം അനുസരിച്ച് 24.01.2014 ൽ സംയുക്ത പരിശോധന നടത്തിയെങ്കിലും കെ.എസ്.ടി.പി.യിൽ നിന്നും റോഡ് റിസ്റ്റോറേഷൻ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. കുടിവെള്ള പദ്ധതിക്കു വേണ്ടിയുള്ള പൈപ്പുകൾ സപ്ലൈ ചെയ്തു കഴിഞ്ഞു. റോഡ് കട്ടിംഗ് അനുമതി ലഭിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ പൈപ്പ് ലൈൻ സ്ഥാപിക്കൽ പണി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ